# വിവാദങ്ങൾ മൂലം വികസന നഷ്ടം: ഉമ്മൻ ചാണ്ടി

## • സീപ്ലെയിൻ പദ്ധതി ഉദ്ഘാടനം ചെയ്ത് നാണംകെട്ടെന്നും മുഖ്യമന്ത്രി

കോട്ടയം • കേരളത്തിൽ വികസനത്തിന് അവസരങ്ങൾ ഉണ്ടെങ്കിലും വിവാദങ്ങൾമൂലം അതിന്റെ ഒരു അംശംപോലും ഉപയോഗിക്കാൻ കഴിയുന്നില്ലെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി. നീര വിപണിയിലിറക്കലും ലൈസൻസ് വിതരണവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന് ആവശ്യമായതിന്റെ ആയിരം മടങ്ങ് മണൽ കേരള തീരത്തെ കടലിലുണ്ട്. വിദേശരാജ്യങ്ങളിലെപോലെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ഈ മണൽ സംസ്കരിച്ച് ഇവിടെ ഉപയോഗിക്കാം. എന്നാൽ ഇവിടെ ഇതിനും വിവാദമാണ്.

ടൂറിസം വികസനത്തിനായുള്ള സീപ്ലെയിൻ പദ്ധതി ഉദ്ഘാടനം ചെയ്തു താൻ നാണം കെട്ടുപോയതായും മുഖ്യമന്ത്രി പറഞ്ഞു. ഇവിടെ സീപ്ലെയിൻ ഓടിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ ധാതുസമ്പത്ത് ഗൾഫ് രാജ്യങ്ങളിലെ പെട്രോളിയം ഉൽപന്നങ്ങളെക്കാൾ വിലമതിക്കുന്ന മൂല്യമുള്ളതാണ്. എന്നാൽ അതിനും തർക്കമാണ്. സമുദ്രസമ്പത്തും വേണ്ടവിധം ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

നീര ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കള്ളുചെത്ത് വ്യവസായത്തെയും ഈ മേഖലയിലെ തൊഴിലാളികളുടെ താൽപര്യത്തെയും സർക്കാർ പൂർണമായി സംരക്ഷിക്കും. നീര വരുന്നതുകൊണ്ടു കള്ളുചെത്തു വ്യവസായത്തിനു ദോഷം ഉണ്ടാകില്ല. നീരയുടെ ഉൽപാദനംമൂലം കർഷകർക്കു വരുമാനവും തൊഴിലാളികൾക്കു തൊഴിലും ലഭിക്കും. ഇതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന 15 കോടി രൂപയും നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി കെ. ബാബു അധ്യക്ഷത വഹിച്ചു. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നീര ടെക്നീഷ്യൻമാർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ശാസ്ത്രീയ നീര ശേഖരണവും സംസ്കരണവും അവതരണവും കൊച്ചി എസ്‌സി എംഎസ് ഗ്രൂപ്പ്സ് ചെയർമാൻ ഡോ. ജിപിസി നായർ നിർവഹിച്ചു. കെ. സുരേഷ്കുറുപ്പ് എംഎൽഎ, എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, ജോയിന്റ് എക്സൈസ് കമ്മിഷണർ ആർ.കെ. ശ്രീകുമാരൻ ചെട്ടിയാർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, നഗരസഭാ അധ്യക്ഷൻ എം.പി. സന്തോഷ് കുമാർ, കേരള കാർഷിക സർവകലാശാല റിസർച് അസോഷ്യേറ്റ് ഡയറക്ടർ ഡോ. വി.കെ. രാജു, കണ്ണൂർ തേജസ്വിനി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ചെയർമാൻ സണ്ണി ജോർജ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫിൽസൺ മാത്യൂസ്, നഗരസഭാംഗം സിൻസി പാറേൽ, നീര കമ്മിറ്റി കർഷക പ്രതിനിധി ബാബു ജോസഫ്, ഇൻഫാം നാഷനൽ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, കോട്ടയം സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. കെ. മുരളീധരൻ എന്നിവർ പ്രസംഗിച്ചു.



**ഫിറ്റാകുമോ കുറുപ്പേ...?** തെങ്ങിൻകുമ്പിൽനിന്നു ശേഖരിക്കുന്ന പോഷക പാനീയമായ 'നീര' വിപണിയിലിറക്കിയശേഷം രുചിച്ചു നോക്കുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ് എംഎൽഎ എന്നിവർ. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, എസ്‌സി എംഎസ് ഗ്രൂപ്പ്സ് ചെയർമാൻ ഡോ. ജി.പി.സി. നായർ തുടങ്ങിയവർ സമീപം.